പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3733

19.03.2018- ൽ മറുപടിക്ക്

## ചാലിക്കര അവറാട്ട് മുക്ക് റോഡിന്റെ നവീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ബാലുശ്ശേരി മണ്ഡലത്തിലെ ചാലിക്കര അവറാട്ട് മുക്ക് റോഡിന്റെ ടെണ്ടർ നടപടി പൂർത്തിയായിട്ടും പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;<br>(ബി) റോഡിന്റെ നവീകരണ പ്രവൃത്തി വേഗത്തിലാക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നറിയിക്കാമോ? | (എ) യും (ബി) യും<br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചാലിക്കര അവറാട്ട് മുക്ക് റോഡിന്റെ കി.മി 0/000 മുതൽ 4/700 വരെയുള്ള 342 ലക്ഷം രൂപയുടെ പരിഷ്കരണ പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എഗ്രിമെന്റ് വയ്ക്കുന്നതിനായി ശ്രീ.എം.ടി.അബ്ദുൾകബീർ എന്ന കരാറുകാരന് 11.07.2017 തീയതിയിൽ സെലക്ഷൻ നോട്ടീസ് അയച്ചിരുന്നു. എന്നാൽ കരാറുകാരൻ ജി.എസ്.ടി-യുമായി ബന്ധപ്പെട്ട വിഷയത്തിൽ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് ഇതുവരെ തീർപ്പാകാത്തതിനാൽ തുടർ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല. റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി എസ്.എൽ.ടി.എഫ്-ൽ ഉൾപ്പെടുത്തി 16 ലക്ഷം രൂപയുടെ സ്ലിപ്പ് ബി.ടി പ്രവൃത്തിക്ക് അനുമതി നൽകുകയും ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ